super notes. by CIVILIANZ

+91 8281 223 366

# അമേരിക്കൻ വിപ്ലവം

വടക്കേ അമേരിക്കയുമായി ബന്ധപ്പെട്ട വിപ്ലവം

അമേരിക്കൻ ഭൂഖണ്ഡം ആദ്യമായി കണ്ടെത്തുന്ന നാവികൻ - ക്രിസ്റ്റഫർ കൊളംബസ്(1492)

കപ്പലുകൾ - സാന്താ മരിയ,നൈന,പിൻറ

അമേരിക്കയുടെ തദ്ദേശീയ വാസികൾ - റെഡ് ഇന്ത്യൻസ്

ഇംഗ്ലണ്ടിലെ രാജാവായ ജെയിംസ് ഒന്നാമൻറെ മതപീഡനം കാരണം അസ്വസ്ഥരായ ഒരു കൂട്ടം ആളുകൾ ഇംഗ്ലണ്ടിൽ നിന്നും വടക്കേ അമേരിക്കയിലേക്ക് പലായനം ചെയ്യുന്നു.പലായനം ചെയ്തു വന്നവരെ വിളിക്കുന്ന പേര് - തീർത്ഥാടക പിതാക്കൾ

വന്ന കപ്പലിന്റെ പേര് - മേ ഫ്ലവർ

വടക്കേ അമേരിക്കയിൽ അവർ പതിമൂന്ന് കോളനികൾ സ്ഥാപിച്ചു ഇംഗ്ലണ്ടിൻറെ സാമ്രാജ്യത്വവുമായി ബന്ധപ്പെട്ട വാണിജ്യ നയങ്ങൾ/വ്യാപാര തന്ത്രങ്ങൾ അറിയപ്പെടുന്നത് - മെർക്കന്റലിസം

അവർ അത് അമേരിക്കയിലെ 13 കോളനികളിൽ നടപ്പിലാക്കി (കോളനികളിൽ ഉള്ളവർ ഇംഗ്ലണ്ടിൽ നിന്ന് മാത്രമേ ചരക്ക് എടുക്കാവൂ, ഇംഗ്ലണ്ടുമായി മാത്രമേ വ്യാപാരം ചെയ്യാവൂ)

കോളനികളിൽ ഇംഗ്ലണ്ട് അടിച്ചേൽപ്പിച്ച പ്രധാനപ്പെട്ട നിയമങ്ങളാണ് - നാവിഗേഷൻ ആക്ട്, ഷുഗർ ആക്ട്, സ്റ്റാമ്പ് ആക്ട്

കോളനിയിലുള്ള ജനങ്ങൾക്ക് ഇംഗ്ലണ്ടിലെ പാർലമെന്റിൽ അംഗത്വമില്ലായിരുന്നു.

കോളനികളിൽ ഉള്ളവർ മാതൃരാജ്യത്തിന് എതിരെ ഉയർത്തിയ മുദ്രാവാക്യം - പ്രാതിനിധ്യം ഇല്ലാതെ നികുതിയില്ല

മുദ്രാവാക്യത്തിൻറെ ശില്പി - ജയിംസ് ഓട്ടിസ്

സപ്തവത്സര യുദ്ധം – 1756 മുതൽ 1763 വരെ ഇംഗ്ലണ്ടും ഫ്രാൻസും

WHATSAPP TELEGRAM INSTAGRAM YOUTUBE

ഇംഗ്ലണ്ട് ഫ്രാൻസിനെ പരാജയപ്പെടുത്തി

ഇംഗ്ലണ്ടിനെതിരായി ശബ്ദമുയർത്തുന്ന കോളനിയിലെ ഇംഗ്ലീഷുകാർക്ക് ഫ്രാൻസ് പിന്തുണ പ്രഖ്യാപിക്കുകയും ആയുധങ്ങൾ നൽകുകയും ചെയ്തു.

അമേരിക്കൻ വിപ്ലവവുമായി ബന്ധപ്പെട്ട് ഇംഗ്ലണ്ടിൽ നിന്നും തേയിലയും ആയി എത്തിയ കപ്പലിനെ സമരക്കാർ ആക്രമിക്കുകയും തേയില ചാക്കുകൾ കടലിലേക്ക് വലിച്ചെറിയുകയും ചെയ്യുന്നു.

ഈ സംഭവം അറിയപ്പെടുന്നത് - ബോസ്റ്റൺ ടീ പാർട്ടി [ 1773 ഡിസംബർ 16]

ഇംഗ്ലണ്ടിനെതിരായ കോളനികളുടെ പ്രക്ഷോഭത്തിൻറെ ഭാഗമായി അമേരിക്കയിൽ രൂപം കൊണ്ട ആദ്യത്തെ സംഘടന

- സ്വാതന്ത്ര്യത്തിൻറെ മക്കൾ (sons of liberty)

സ്ഥാപിച്ചത് - സാമുവൽ ആഡംസ്

13 കോളനികളും ചേർന്ന് നടത്തിയ സമ്മേളനം - **continental** കോൺഗ്രസ് ഫിലാഡൽഫിയയിൽ വച്ച് നടന്നു

ഒന്നാം **continental** കോൺഗ്രസ് - 1774

രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് - 1775

[ബ്രിട്ടനെതിരെ പോരാടാൻ കോളനികൾ രൂപീകരിച്ച സൈന്യത്തിന്റെ തലവനായി ഐക്യകണ്ഠേന ജോർജ് വാഷിംഗ്ടൺ നെ തിരഞ്ഞെടുത്തു]

തുടർച്ചയായ യുദ്ധങ്ങൾക്കൊടുവിൽ 1776 ജൂലൈ നാലിന് അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം ഫിലാഡൽഫിയയിൽ വച്ച് നടന്നു.

അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിലെ ആദ്യത്തെ വരി

- "എല്ലാ മനുഷ്യരെയും ദൈവം തുല്യരായാണ് സൃഷ്ടിച്ചിരിക്കുന്നത്"

**1781** നടന്ന നിർണായകമായ യുദ്ധത്തിൽ ജോർജ് വാഷിംഗ്ടൺ സൈന്യം ബ്രിട്ടീഷ് സൈന്യത്തെ തോൽപ്പിച്ചു

കീഴടങ്ങിയ ബ്രിട്ടീഷ് സൈന്യത്തിൻറെ ജനറൽ - കോൺവാലിസ്

**1783** ല് ബ്രിട്ടൻ പതിമൂന്ന് കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ച ഒപ്പുവച്ച ഉടമ്പടി - പാരിസ് ഉടമ്പടി

അമേരിക്ക സ്വാതന്ത്ര്യം നേടുന്ന സമയത്ത് ഫ്രാൻസിലെ ചക്രവർത്തി

- ലൂയി പതിനാറ്

അമേരിക്കൻ വിപ്ലവം നടക്കുമ്പോൾ ഇംഗ്ലണ്ടിലെ രാജാവ് - ജോർജ് **3** ഭരണഘടനയുടെ രൂപീകരണത്തിന് വേണ്ടി ഭരണഘടന സമ്മേളനം നടന്നത് - **1787** ല് ഫിലാഡൽഫിയയിൽ

അമേരിക്കയുടെ ഭരണഘടന ഒപ്പുവച്ചത് - **1787** സെപ്റ്റംബർ **17** അമേരിക്കൻ ഭരണഘടന ദിനം - സെപ്റ്റംബർ **17**

ഏറ്റവും പഴക്കമുള്ള ഭരണഘടന, ഏറ്റവും ചെറിയ ഭരണഘടന, ലോകത്തിലെ ആദ്യ ലിഖിത ഭരണഘടന, **rigid constitution** ന് ഉദാഹരണം

**7** ആർട്ടിക്കിളുകൾ

ഇന്നുവരെ **27** തവണ ഭേദഗതി ചെയ്യപ്പെട്ടു

ഒരു പൗരൻറെ അടിസ്ഥാന അവകാശങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം പത്തോളം ഭേദഗതികൾ നടന്നിട്ടുണ്ട്.ആ പത്ത് ഭേദഗതികൾ യോജിപ്പിച്ച പറയുന്ന പേരാണ് - ബിൽ ഓഫ് റൈറ്റ്സ്

അമേരിക്കൻ വിപ്ലവവുമായി ബന്ധപ്പെട്ട ബ്രിട്ടീഷ് തത്ത്വചിന്തകൻ

- ജോൺ ലോക്ക്

"മനുഷ്യന് ചില അവകാശങ്ങൾ ഉണ്ട് അതിനെ ഹനിക്കുവാൻ ഒരു ഭരണകൂടത്തിനും സാധ്യമല്ല " എന്ന് പറഞ്ഞത് – ജോൺ ലോക്ക്

super notes. by CIVILIANZ
+91 8281 223 366

അമേരിക്കൻ വിപ്ലവത്തിന് വളരെയധികം പ്രചോദനം നൽകിയ ബ്രിട്ടനിൽ ജനിച്ച അമേരിക്കയിൽ ജീവിച്ച തത്വചിന്തകനായ തോമസ് പെയിനിൻറെ ലഘുലേഖ/**pamphlet** - കോമൺ സെൻസ്

"യുദ്ധം ആരംഭിക്കുന്നതിന് മുൻപേ വിപ്ലവം നടപ്പിലായി കഴിഞ്ഞിരുന്നു പക്ഷേ അത് ജനങ്ങളുടെ മനസ്സിൽ ആണ്" എന്ന് അമേരിക്കൻ വിപ്ലവത്തിനെ കുറിച്ച് അഭിപ്രായപ്പെട്ടത് ആരാണ് - ജോൺ ആഡംസ്

അമേരിക്കയുടെ ആദ്യത്തെ വൈസ് പ്രസിഡന്റ്,അമേരിക്കയുടെ രണ്ടാമത്തെ പ്രസിഡന്റ് - ജോൺ ആഡംസ്

അമേരിക്കയുടെ ദേശീയ പിതാവ് - ജോർജ് വാഷിംഗ്ടൺ

അമേരിക്കയുടെ  ആദ്യത്തെ പ്രസിഡന്റ് - ജോർജ് വാഷിംഗ്ടൺ

അധികാരത്തിൽ വന്നത് - **1789** ഏപ്രിൽ **30**

അമേരിക്കൻ ദേശീയ സ്വാതന്ത്ര്യ സമരത്തിൻറെ പിതാവ്

- സാമുവൽ ആഡംസ്

അമേരിക്കൻ ഭരണഘടനയുടെ പിതാവ് - ജെയിംസ് മാഡിസൺ

അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം എഴുതി തയ്യാറാക്കിയത്

- തോമസ് ജഫേഴ്സൺ, ബെഞ്ചമിൻ ഫ്രാങ്ക്ലിൻ

അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡന്റ് – എബ്രഹാം ലിങ്കൺ**(1861)** [വിറകുവെട്ടുകാരൻറെ മകനായി ജനിക്കുകയും ഒരു പോസ്റ്റ് മാസ്റ്റർ ആയിട്ട് പിന്നീട് വക്കീൽ ആവുകയും എന്നിട്ട് അമേരിക്കയുടെ പ്രസിഡന്റ് ആയ വ്യക്തി]

ഗെറ്റിസ് ബർഗ് പ്രസംഗം - എബ്രഹാം ലിങ്കൺ **(1863)**

"ജനാധിപത്യം എന്നാൽ ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ഭരണം" - എബ്രഹാം ലിങ്കൺ

WHATSAPP TELEGRAM INSTAGRAM YOUTUBE

“ബുള്ളറ്റിനെക്കാൾ മൂർച്ചയുണ്ട് ബാലറ്റിന്” - എബ്രഹാം ലിങ്കൺ

അമേരിക്കയിൽ എബ്രഹാംലിങ്കൺ  അടിമത്തം അവസാനിപ്പിച്ചത് - **1863**

എബ്രഹാം ലിങ്കൺ വെടിയേറ്റ് മരിച്ചത് - **1865**

അമേരിക്കയ്ക്ക് സ്റ്റാച്യൂ ഓഫ് ലിബർട്ടി സമ്മാനമായി നൽകിയത്

- ഫ്രാൻസ്

പ്രതിമ പണിതത് - ഫെഡറിക് ആഗസ്റ്റെ ബർതോൾഡി